**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 345** **07-10-2024 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ എൻജിനീയറിംഗ് വിഭാഗത്തിലെ ഒഴിവുകൾ സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് ജില്ലയിൽ തദ്ദേശസ്വയംഭരണ എൻജിനീയറിംഗ് വിഭാഗത്തിൽ നിലവിലുള്ള ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ - 1<br>അസിസ്റ്റന്റ് എഞ്ചിനീയർ - 8<br>ഫസ്റ്റ് ഗ്രേഡ് ഓവർസിയർ - 21<br>സെക്കന്റ് ഗ്രേഡ് ഓവർസിയർ - 27<br>തേർഡ് ഗ്രേഡ് ഓവർസിയർ - 4<br>ക്ലർക്ക് - 1 |
| (ബി) | പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനായി പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; വ്യക്തമാക്കാമോ; | (ബി) | അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയുടെ പ്രൊമോഷൻ പോസ്റ്റ് ആണ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തിക. മറ്റ് തസ്തികകളിൽ നിയമനം നടത്തുന്നതിന് റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ട്. |
| (സി) | പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സ്വീകരിക്കുന്ന നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | (സി) | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലെ ഒഴിവ് സ്ഥാനക്കയറ്റം/സ്ഥലം മാറ്റം നൽകിയും, മറ്റ് തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി യിൽ നിന്ന് നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമന ഉത്തരവ് നൽകിയും നികത്തുന്നതാണ്. |
| (ഡി) | സംസ്ഥാനത്ത് 2021 മുതൽ അസിസ്റ്റന്റ് എൻജിനിയർമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും എത്രപേർക്ക് തദ്ദേശവകുപ്പിലേക്ക് അഡ്വൈസ് മെമ്മോ നൽകിയിട്ടുണ്ട്; ഇതിൽ എത്ര പേർ ഇതുവരെയായി ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ? | (ഡി) | 2021 മുതൽ 2024 സെപ്റ്റംബർ 30 വരെയുള്ള കാലയളവിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ 337 പേർക്ക് നിയമന ശിപാർശ പി.എസ്.സി ലഭ്യമാക്കിയിട്ടുണ്ട്. 337 പേർക്ക് നിയമന ഉത്തരവ് നൽകിയെങ്കിലും 305 പേർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. 32 പേർ ജോലിയിൽ പ്രവേശിക്കാത്തതിനെ തുടർന്നുണ്ടായ ഒഴിവുകൾ NJD ഒഴിവുകളായി പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുകയും പി.എസ്.സിയിൽ നിന്നും നിയമന ശിപാർശ ലഭിക്കുകയും ചെയ്തിട്ടുള്ളതാണ്. നിയമന ശിപാർശ ലഭിച്ച ഒഴിവുകളിലേയ്ക്ക് നിയമന ഉത്തരവ് നൽകിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ